ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) സർ, സംസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് അടിസ്ഥാന സൗകര്യ മേഖലയിൽ ഒരുപിടി സ്വപ്നപദ്ധതികൾക്ക് സർക്കാർ രൂപം നൽകുകയുണ്ടായി. അതിൽ സുപ്രധാനമായ ഒന്നാണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി. സംസ്ഥാനത്തിന്റെ, പ്രത്യേകിച്ച് മലബാറിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് വഴിതുറക്കുന്ന ഈ പദ്ധതി, ടൂറിസം സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും മലബാറിന്റെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും സഹായകരമായിരിക്കും.

ഈ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 2014 ഫെബ്രുവരി 2-ാം തീയതി ബഹു. കേന്ദ്ര പ്രതിരോധമന്ത്രി ശ്രീ. എ. കെ. ആന്റണി നിർവ്വഹിക്കുന്ന വിവരം സന്തോഷപൂർവ്വം ഈ സഭയെ അറിയിക്കട്ടെ. റൺവേ, ടാക്സിവേ, ഏപ്രൺ എന്നിവയുൾപ്പെടെ 694 കോടി രൂപ ചെലവ് വരുന്ന ഒന്നാം ഘട്ട പദ്ധതിയുടെ ഭാഗമാണിത്. 2000 ഏക്കർ പ്രദേശത്ത് നിർമ്മിക്കുന്ന ഈ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന്റെ ഒന്നാം ഘട്ട ചെലവ് 1792 കോടി രൂപയാണ്.

പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടി ഈ സർക്കാർ ആദ്യംതന്നെ പാരിസ്ഥിതിക പഠനത്തിനായി സെസ്സിനേയും Integrated Project Consultant ആയി എയ്കോം-ഏഷ്യ, എയ്കോം-ഇന്ത്യ, ക്രിസിൽ എന്നിവരടങ്ങുന്ന കൺസോർഷ്യത്തെയും നിയമിച്ചു.

ഈ പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി 2008–ൽ ലഭിച്ചു. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെയും ആഭ്യന്തര മന്ത്രാലയത്തിന്റെയും പുതുക്കിയ അനുമതിയും യഥാക്രമം 2012 ഒക്ടോബർ 12–ാം തീയതിയും, നവംബർ 9–ാം തീയതിയും ലഭിച്ചുകഴിഞ്ഞു. കൂടാതെ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ സൈറ്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. ബ്യൂറോ ഓഫ് സിവിൽ ഏവിയേഷന്റെ സെക്യൂരിറ്റിയുടെ പ്രാഥമിക സുരക്ഷാ പരിശോധനയും നടന്നുകഴിഞ്ഞു. ഏറ്റവും നിർണ്ണായകമായ കേന്ദ്ര പാരിസ്ഥിതികാനുമതി സെസ്സിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2013 ജൂലൈ 19–ാം തീയതി ലഭിച്ചു. പദ്ധതിക്കാവശ്യമായ ശേഷിക്കുന്ന 500 ഏക്കർ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ മൂന്നു മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതുമാണ്. 2009–ൽ രൂപീകരിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 1000 കോടി രൂപയാണ് കമ്പനിയുടെ അംഗീകൃത മൂലധനം. എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയും, മറ്റ് പൊതുമേഖലാ ഷെഡ്യൂൾഡ് ബാങ്കുകളും ഈ പദ്ധതിയിൽ മൂലധന നിക്ഷേപം നടത്തുവാൻ താല്പര്യം പ്രകടിപ്പിച്ച സാഹചര്യത്തിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം 26 ശതമാനത്തിൽ നിന്ന് 35 ശതമാനമായി ഉയർത്തിക്കൊണ്ട് ഓഹരി ഘടന ചുവടെ ചേർക്കുന്ന പ്രകാരം പുന:ക്രമീകരിച്ചു.

| | | |
|---|---|---|
| സംസ്ഥാന സർക്കാർ | – | 35% |
| ബി.പി.സി.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ | – | 23% |
| എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ | – | 26% |

| | | |
|---|---|---|
| സ്വകാര്യ പങ്കാളിത്തം | – | 16% |
| ആകെ | – | 100% |

സംസ്ഥാനത്തിന്റെ ഓഹരിയായിട്ടുള്ള ഭൂമി മുഴുവൻ കൈമാറിക്കഴിഞ്ഞു. അതുപോലെ പൊതുമേഖല സ്ഥാപനങ്ങളുടെ മുഴുവൻ തുകയും ലഭിച്ചു. എന്നാൽ സ്വകാര്യ മേഖലയിൽ നിന്ന് 6% ഓഹരി മാത്രമേ ലഭിച്ചിട്ടുള്ളൂ. സ്വകാര്യ നിക്ഷേപകർ 2,00,100 രൂപ മുതൽമുടക്കണമെന്ന നിബന്ധന ഒഴിവാക്കുകയും 50,000 രൂപയായി നിജപ്പെടുത്തുകയും വഴി ഈ പദ്ധതിയിൽ ചെറുകിട നിക്ഷേപകർക്കും മുതൽ മുടക്കുവാനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്.

2013 ഡിസംബർ 16–ാം തീയതി ബഹു. കേന്ദ്ര വ്യോമയാന സഹമന്ത്രി ശ്രീ. കെ. സി. വേണുഗോപാലിന്റെ സാന്നിദ്ധ്യത്തിൽ എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി ഡൽഹിയിൽ നടത്തിയ ചർച്ചയിലാണ് കണ്ണൂർ വിമാനത്താവള പദ്ധതിയിൽ 26% ഓഹരി എയർപോർട്ട്സ് അതോറിറ്റിയുടെ പങ്കാളിത്തത്തിന് ധാരണയായത്. ഇത് സംബന്ധിച്ചുള്ള ധാരണപത്രം ഉടനെ ഒപ്പുവയ്ക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി ആവശ്യമായി വരുന്ന ഏകദേശം 1000 കോടി രൂപയുടെ വായ്പ സംബന്ധിച്ച് വിവിധ ബാങ്കുകളുമായിട്ടുള്ള ചർച്ചകൾ ഇതിനകം നടന്നുകഴിഞ്ഞു. വളരെ താല്പര്യപൂർവ്വമുള്ള പ്രതികരണമാണ് ബാങ്കുകളുടെ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സാമ്പത്തിക വർഷംതന്നെ ന്യായമായ പലിശ നിരക്കിൽ ആവശ്യമായ വായ്പകൾ ലഭിക്കുമെന്ന് സർക്കാരിന് ഉറപ്പുണ്ട്.

കേരള സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽമൂലം മട്ടന്നൂരിലേക്കുള്ള റെയിൽവെ ലൈൻ സംബന്ധിച്ച് പ്രാഥമിക സർവ്വെ റിപ്പോർട്ട് 2013-ൽ റെയിൽവേ ബോർഡിന് സമർപ്പിക്കുകയുണ്ടായി.

എയർപോർട്ട് ഭൂമിയിൽ നിന്നും മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് പകരം വർദ്ധിച്ച അനുപാതത്തിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ഗ്രീൻ ബെൽറ്റ് പ്രോഗ്രാമിന് കിയാൽ തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി 2,51,000 വൃക്ഷ ത്തൈകൾ കിയാൽ ഇതിനകം വച്ചുപിടിപ്പിച്ചു കഴിഞ്ഞു. സി.എസ്.ആർ.-ന്റെ ഭാഗമായി മട്ടന്നൂർ മുനിസിപ്പാലിറ്റിയിലേയും പഴശ്ശി പഞ്ചായത്തിലേയും ജനങ്ങൾക്ക് പ്രയോജനകരമാകുന്ന വിധം ഈ പ്രദേശത്ത് ഒരു പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കണ്ണൂർ വിമാനത്താവള പദ്ധതിയുടെ റൺവേയടക്കം ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള 700 കോടി രൂപയുടെ ടെണ്ടർ (EPC-I) 2013 ജനുവരി 22-ന് ക്ഷണിക്കുകയും സാങ്കേതിക ബിഡ്ഡിൽ യോഗ്യത നേടിയ കമ്പനികളുടെ ഫിനാൻഷ്യൽ ബിഡ് 2013 നവംബർ 5-ാം തീയതി തുറക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ലാർസൻ ആന്റ് ടൂബ്രോ എന്ന കമ്പനിയെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. അവർ പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

ടെർമിനൽ ബിൽഡിംഗ്, എയർട്രാഫിക് കൺട്രോൾ ടവർ എന്നിവയ ടക്കം രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങൾ 2014 ഏപ്രിൽ-മെയ് മാസത്തിൽ ആരംഭിക്കുവാൻ തക്കവണ്ണം നടപടികൾ മുന്നോട്ടു കൊണ്ടുപോകുകയാണ്. 2015 ഡിസംബർ 31-ന് ഈ വിമാനത്താവളത്തിൽ നിന്ന് ആദ്യ വിമാനം പറന്നുയരുന്നവിധമാണ് പദ്ധതിയുടെ സമയക്രമം നിശ്ചയിച്ചിരിക്കുന്നത്.

സംസ്ഥാനത്തിന്റെ ഈ അഭിമാന പദ്ധതിയുടെ പ്രവർത്തനങ്ങളിൽ എല്ലാ ജനവിഭാഗങ്ങളിൽ നിന്നും നിർലോഭമായ സഹായ സഹകരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ മഹനീയ സഭാംഗങ്ങൾ ഈ പദ്ധതിയ്ക്ക് നൽകിവരുന്ന പ്രോത്സാഹനം ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ സർക്കാരിന് വളരെയധികം ആത്മവിശ്വാസം പകരുന്നുണ്ട് എന്ന വസ്തുത ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കട്ടെ. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും പൊതുസമൂഹവും ഈ പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുന്നുണ്ട്.

ഏവരുടെയും എല്ലാ സഹായ സഹകരണങ്ങൾക്കും ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു. ഈ പദ്ധതിയുടെ സുതാര്യവും സമയബന്ധിതവുമായ പൂർത്തീകരണത്തിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രസ്താവിച്ചുകൊണ്ട്, ഈ പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ ഏവരുടെയും നിർലോഭമായ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

(ധനകാര്യം)